കേരള സർവകലാശാല

Re-accredited by NAAC with A++ GRADE

നം. പി.ആർ. **225/2026** തീയതി : **28/10/2026**

പത്രക്കുറിപ്പ്

പരീക്ഷാവിജ്ഞാപനം

കേരള സർവകലാശാലയുടെ മൂന്നാം സെമസ്റ്റർ എംഎ/എംഎസ്സി/എംകോം/ എംഎസ്ഡബ്ല്യൂ/എംഎംസിജെ/എംഎഎച്ച്ആർഎം/എംടിടിഎം പരീക്ഷകൾക്കുള്ള വിജ്ഞാപനം പ്രസിദ്ധീകരിച്ചു. പിഴകൂടാതെ 2026 നവംബർ 04 വരെയും 150/- രൂപ പിഴയോടെ നവംബർ 07 വരെയും 400/- രൂപ സൂപ്പർ ഫൈനോടുകൂടി നവംബർ 09 വരെയും പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യാവുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

പ്രാക്ടിക്കൽ പരീക്ഷ

കേരള സർവകലാശാലയുടെ അഞ്ചാം സെമസ്റ്റർ ബിഎസ്സി കെമിസ്ട്രി ആന്റ് ഇൻഡസ്ട്രിയൽ കെമിസ്ട്രി സെപ്റ്റംബർ 2026 പരീക്ഷയുടെ പ്രാക്ടിക്കൽ സപ്ലിമെന്ററി പരീക്ഷ 2026 നവംബർ മാസം 4 ന് ചാത്തന്നൂർ എസ്.എൻ. കോളേജിൽ വച്ച് നടത്തുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

പ്രാക്ടിക്കൽ പരീക്ഷ – പരീക്ഷാകേന്ദ്രം

കേരള സർവകലാശാലയുടെ അഞ്ചാം സെമസ്റ്റർ കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ്. ബിസിഎ (332) (സപ്ലിമെന്ററി - 2023 & 2022 അഡ്മിഷൻ, മേഴ്സി ചാൻസ് – 2013 – 2018 & 2020 അഡ്മിഷൻ), സെപ്റ്റംബർ 2026 പ്രാക്ടിക്കൽ പരീക്ഷകൾ 2026 നവംബർ 05 ന് നടത്തുന്നതാണ്. UIT മണ്ണടി, കൊട്ടിയം ഡോൺ ബോസ്കോ എന്നിവ പരീക്ഷാകേന്ദ്രമായിട്ടുള്ള വിദ്യാർത്ഥികൾക്ക് കൊട്ടിയം ഡോൺ ബോസ്കോയിലും, വിഴിഞ്ഞം ക്രൈസ്റ്റ് കോളേജ്, അമ്പലത്തറ നാഷണൽ കോളേജ്, മാറനല്ലൂർ ക്രൈസ്റ്റ് നഗർ കോളേജ്, UIT മലയിൻകീഴ് എന്നീ കോളേജുകളിലെ വിദ്യാർത്ഥികൾക്ക് അമ്പലത്തറ നാഷണൽ കോളേജിലും, CAS അടൂർ, KVVS അടൂർ, ആയുർ മാർത്തോമാ കോളേജ്, UIT കൊട്ടാരക്കര, കരുനാഗപ്പള്ളി ശ്രീ വിദ്യാധിരാജ, CAS കാർത്തികപ്പള്ളി എന്നീ കോളേജുകളിലെ വിദ്യാർത്ഥികൾക്ക് CAS അടൂരിലും പരീക്ഷാകേന്ദ്രം ക്രമീകരിച്ചിരിക്കുന്നു. UIT വക്കം പരീക്ഷാകേന്ദ്രത്തിൽ മാറ്റമില്ല. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

അപേക്ഷ ക്ഷണിക്കുന്നു

കേരള സർവകലാശാല ഹിന്ദി പഠനവകുപ്പ് നടത്തുന്ന 'പിജി ഡിപ്ലോമ ഇൻ ട്രാൻസിലേഷൻ, അഡ്മിനിസ്ട്രേറ്റീവ് ഡ്രാഫ്റ്റിംഗ് & റിപ്പോർട്ടിംഗ് ഇൻ ഹിന്ദി' പാർട്ട്

ടൈം കോഴ്സിലേക്ക് (ഒരു വർഷം) 2026-27 അഡ്മിഷന് വേണ്ടിയുള്ള അപേക്ഷ ക്ഷണിക്കുന്നു. യോഗ്യത : ഹിന്ദി ഒരു വിഷയമായി പഠിച്ചു ഏതെങ്കിലും വിഷയത്തിൽ ബിരുദം. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി : 2026 നവംബർ 30. വിശദ വിവരങ്ങൾക്കായി ബന്ധപ്പെടേണ്ട ഫോൺ നമ്പർ 9446291350, 0471-2308649, ഇ - മെയിൽ : hindi@keralauniversity.ac.in. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

വോട്ടർ പട്ടിക പ്രസിദ്ധീകരിച്ചു

കേരള സർവകലാശാല ഡിപ്പാർട്ട്മെന്റ്സ് യൂണിയൻ 2026-27 തെരഞ്ഞെടുപ്പിന്റെ വോട്ടർ പട്ടിക സർവകലാശാല വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. വോട്ടർ പട്ടികയിലുള്ള തിരുത്തലുകൾ, ഒഴിവാക്കലുകൾ, കൂട്ടിച്ചേർക്കലുകൾ എന്നിവയ്ക്കുള്ള അപേക്ഷകൾ, ആവശ്യമായ രേഖകൾ സഹിതം 2026 ഒക്ടോബർ 29 ന് വൈകുന്നേരം 3 മണിക്കകം സർവകലാശാല രജിസ്ട്രാർ/റിട്ടേർണിംഗ് ഓഫീസറിന് സമർപ്പിക്കേണ്ടതാണ്.

വന്ദന മോഹൻദാസ്
പബ്ലിക് റിലേഷൻസ് ഓഫീസർ
E-mail: ku.release@keralauniversity.ac.in